**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷികവൃത്തിയ്ക്കായി കൂടുതൽ വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിനും കാർഷികവൃത്തിയ്ക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ) | കാർഷിക രംഗത്തേക്ക് കടന്നു വരുന്ന പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അടിസ്ഥാനമാക്കി കൃഷി വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധം - I ആയും, കാർഷികവൃത്തിയ്ക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം -II ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - I</u>

## കാർഷിക രംഗത്തേക്ക് കടന്നു വരുന്ന പുതിയ തലമുറയെ ആകർഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

**1) ഹൈ-ടെക്-അഗ്രിക്കൾച്ചർ**

പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കി, ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെ കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**2) പച്ചക്കറി കൃഷി വികസന പദ്ധതി**

പച്ചക്കറി കൃഷിയുടെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകിവരുന്നു. പുതിയ തലമുറയ്ക്ക് ഈ മേഖലയെ പരിചയപ്പെടുത്തുന്നതിനും അവരെ ഇതിലേക്ക് ആകർഷിക്കുന്നതിനും വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രമഫലത്തോടെ പച്ചക്കറിതോട്ടങ്ങൾ സ്ഥാപിച്ചുവരുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പാണ്.

**3) അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും**

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്രവർത്തിക്കുന്ന 99 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും ഉൾപ്പെടുന്ന വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. 2021-22 വർഷത്തിൽ ഏകജാലക സംവിധാനങ്ങളായ എട്ട് കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതാണ്.

**4) ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം**

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. താല്പര്യമുള്ള യുവജനങ്ങൾക്ക് ഇത്തരം യൂണിറ്റുകൾ ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷിവകുപ്പ് മുഖാന്തരം നൽകുന്നതാണ്.

**5) കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ**

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്ക് ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം ധനസഹായം നൽകിവരുന്നു.

**6) വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും**

സംസ്കരണത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധിക വില നേടിയെടുക്കുവാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തരം പരിശീലനം നൽകിവരുന്നു.

ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം , കേരള കാർഷിക സർവ്വകലാശാല, കോഴിക്കോട്ടെ കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രം, തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട, ഇടത്തരം, മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു. പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള അഞ്ച് പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു.

കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, ഊർജ്ജരഹിത കൂൾചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും, സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും, ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾ വഴി നൽകിവരുന്നു.

<u>7) ഇന്റേൺഷിപ് പരിപാടി</u>

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി കൃഷിഭവനുകളിൽ ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം മുതൽ പ്രതിമാസം 1000 രൂപ വീതം ആറു മാസത്തേക്ക് ഹോണറേറിയം നൽകുന്നു.

<u>8) കൃഷി പാഠശാല</u>

പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ച് തന്നെ നല്ല കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമായി 2020-21 സാമ്പത്തിക വർഷം മുതൽ കൃഷി പാഠശാല എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും, പ്രത്യേകിച്ച് യുവാക്കൾക്ക്, കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമാണ്. വെബിനാറുകളായി നടത്തുന്ന പരിശീലനങ്ങൾ കൂടുതൽ കൃഷിക്കാർക്ക് ഉപകാരപ്രദമായി തീരുന്നു. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

<u>**അനുബന്ധം -II**</u>

<u>**കാർഷികവൃത്തിയ്ക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ**</u>

കൃഷിഭൂമി സ്വന്തമായിട്ടുള്ള കർഷകർ, ഭൂവുടമയുടെ സമ്മതപത്രത്തോടെയുള്ള പാട്ടകൃഷി ചെയ്യുന്ന കർഷകർ, പുരുഷ/വനിത സ്വയം സഹായ സംഘങ്ങൾ (SHG), JLG ഗ്രൂപ്പുകൾ എന്നിവയിൽ ഉൾപ്പെടുന്ന കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ഏകജാലകത്തിലൂടെ ലളിതമായ നടപടികളിലൂടെയും കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി മുഖേന ബാങ്ക് വായ്പകൾ ലഭ്യമാക്കി വരുന്നു. ജാമ്യമില്ലാതെ (Collateral Security) കൃഷിചെയ്യുന്ന വിളകളുടെ Hypothetication വഴി 1.60 ലക്ഷം രൂപ വരെയും, Hypothecation-നും വസ്തു ഈടും നൽകിയാൽ 1.60 ലക്ഷത്തിന് മുകളിലും വായ്പകൾ ലഭിക്കുന്നതാണ്.

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് റീജിയണൽ റൂറൽ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയിലൂടെ Special Liquidity Facility-2 എന്ന പേരിൽ പ്രത്യേക ഹ്രസ്വകാല വായ്പകൾ നബാർഡ് ധനസഹായത്തോടെ അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തിനായി അനുവദിച്ച 1870 കോടി രൂപയിൽ 1200 കോടി രൂപ ചെറുകിട നാമ മാത്ര കർഷകരുടെ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായാണ് നീക്കി വച്ചിട്ടുള്ളത്. കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിനുള്ള വായ്പ സൌകര്യം ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതകൾ മാനിച്ച് കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പ പരിധി (ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പ) മൂന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷം രൂപയായി ഉയർത്തിയും, ഇതിനു പുറമേ പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും, കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക വികസനത്തിനും ലാഭകരമായ സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അഗ്രി ക്ലിനിക്സ് ആൻഡ് അഗ്രി ബിസിനസ് സെന്റേഴ്സ് സ്കീം വഴി 18നും 60 നും ഇടയിൽ പ്രായമുള്ള അഗ്രിക്കൾച്ചറൽ ബിരുദം, അഗ്രിക്കൾച്ചറൽ ഡിപ്ലോമ, അഗ്രിക്കൾച്ചറൽ ഇന്റർമീഡിയറ്റ്, ജീവശാസ്ത്രബിരുദം, മറ്റ് കാർഷിക ബിരുദാനന്തര ബിരുദം എന്നിവയുള്ള തൊഴിൽ രഹിതരായവർക്ക് ഷെഡ്യൂൾഡ് ബാങ്കുകൾ വഴി വായ്പകൾ അനുവദിക്കുന്നുണ്ട്. കൂടാതെ യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ട മടങ്ങി വരുന്ന പ്രവാസികൾ എന്നിവർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സുഭിക്ഷകേരളം പദ്ധതിയ്ക്ക് വേണ്ട വായ്പകളും ഷെഡ്യൂൾഡ് ബാങ്കുകൾ വഴി ലഭ്യമാക്കുന്നു.